**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3012** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി സംരക്ഷണത്തിനും വന സന്ദർശകർക്കുമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനും വന സന്ദർശകർക്കും വനം വകുപ്പ് ഒരുക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | വന്യജീവി സംരക്ഷണത്തിനായി വനം വകുപ്പ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടേയും പദ്ധതികളുടേയും സംക്ഷിപ്ത വിവരണം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |
| (സി) | തടി ഡിപ്പോകൾ ആധുനികീകരിച്ച് അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | വനം വകുപ്പിന്റെ എല്ലാ തടി ഡിപ്പോകളിലും ലേല നടപടികൾ സുതാര്യവും സുഗമമവുമാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം ഇ-ഓക്ഷൻ ആണ് നടത്തിവരുന്നത്. ആയതിന് വാട്ട്സാപ്പ് മെസ്സേജിംഗ് ആപ്പ് വഴിയും മറ്റു നവമാധ്യമങ്ങൾ വഴിയും പ്രചാരം നടത്തുകയും ചെയ്യുന്നുണ്ട്. തടി ഡിപ്പോകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളേയും വ്യാപാരികളേയും സഹായിക്കുന്നതിനായി ഹെൽപ്ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഡിപ്പോകളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. വിലപിടിപ്പുള്ള തടികൾ മഴയത്തും വെയിലത്തും കേടാവാതിരിക്കാൻ വേണ്ടി ചില ഡിപ്പോകളിൽ ഗാൽവനൈസ്ഡ് ടിമ്പർ യാർഡ് നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

വന്യജീവികളുടേയും അവയുടെ ആവാസ വ്യവസ്ഥകളുടേയും സംരക്ഷണവും പരിപാലനവും, ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കായി ആറ് ദേശീയോദ്യാനങ്ങൾ, രണ്ട് കടുവാ സങ്കേതങ്ങൾ, മൂന്ന് പക്ഷി സങ്കേതങ്ങൾ, ഒരു കമ്മ്യൂണിറ്റി റിസർവ്, 15 വന്യജീവി സങ്കേതങ്ങൾ എന്നിങ്ങനെ 27 സംരക്ഷിത പ്രദേശങ്ങളുടെ സംരക്ഷണവും മറ്റു പ്രദേശങ്ങളിലെ വന്യജീവികളുടെ സംരക്ഷണവും വനം വകുപ്പിൽ നിക്ഷിപ്തമാണ്. കൂടാതെ വന്യജീവികളുടെ സംക്ഷണത്തിലൂന്നിയുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളും വനം വകുപ്പ നിർവ്വഹിച്ചുവരുന്നു.

സംരക്ഷിത മേഖലകളുടെ ദൈനംദിന പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ഓരോ സംരക്ഷിത മേഖലയ്ക്കും മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള പ്രത്യേകം മാനേജ്മെന്റ് പ്ലാനുകൾ പ്രകാരമാണ് നടപ്പിലാക്കുന്നത്. പത്ത് വർഷമാണ് ഒരു മാനേജ്മെന്റ് പ്ലാനിന്റെ കാലാവധി. അതീവ സംരക്ഷണ പ്രാധാന്യമുള്ള വന്യജീവികളുടെ കണക്കെടുപ്പ് ഇടവേളകളിൽ നടത്തിപ്പോരുന്നു. കാട്ടാന, കടുവ, വരയാട്, കഴുകൻ, മറ്റു പക്ഷികൾ, ഉരഗങ്ങൾ, ഉഭയജീവികൾ, ശലഭങ്ങൾ തുടങ്ങിയവയുടെ സർവ്വേകൾ നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നു.

സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പരാന്പുലേഷൻ, പട്രോളിംഗ്, ഇന്റീരിയർ ക്യാമ്പിംഗ്, ആന്റി പോച്ചിംഗ് ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. കടുവ സംരക്ഷണ കേന്ദ്രങ്ങളിലും അനുബന്ധ വനം ഡിവിഷനുകളിലും M-STrIPES സംവിധാനത്തിന്റെ സഹായത്തോടുകൂടി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷണവും കുടിവെള്ളവും ഉറപ്പാക്കുന്നതിനും ജൈവ വൈവിധ്യ സംരക്ഷണത്തിനുമായി മിഷൻ ഫുഡ്, ഫോഡർ & വാട്ടർ തീവ്രയജ്ഞ പരിപാടിക്കും 2024-25 വർഷത്തിൽ തുടക്കം കുറിച്ചു. വനത്തിനുള്ളിലെ ചെക്ക് ഡാമുകൾ, കുളങ്ങൾ, വയലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ കൃത്യമായി മാപ്പ് ചെയ്യുകയും ഓരോന്നിനും ആവശ്യമായ പരിപാലനപ്രവർത്തനങ്ങൾ വിലയിരുത്തി നടപ്പിലാക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇത് പ്രകാരം വനത്തിനുള്ളിലെ ചെക്ക് ഡാമുകളിലും മറ്റും അടിഞ്ഞുകൂടിയ ചെളിയും ചപ്പുചവറുകളും നീക്കുകയും ജലസ്രോതസ്സുകളിലും പരിസരത്തുമുള്ള അധിനിവേശ കളസസ്യങ്ങൾ നീക്കം ചെയ്തും വന്യമൃഗങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ സാധിച്ചു.

മേൽ തീവ്രയജ്ഞ പരിപാടികൾക്ക് പ്രദേശവാസികളും സന്നദ്ധ പ്രവർത്തകരും വിദ്യാർത്ഥി സമൂഹത്തിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും മികച്ച പങ്കാളിത്തവും സഹകരണവും ലഭിക്കുകയുണ്ടായി.

കാട്ടുതി ഫലപ്രദമായി തടയാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടത് പരിസ്ഥിതി-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അന്തർ സംസ്ഥാന വനാതിർത്തികളിലും, റോഡുകളുടെ വശങ്ങളിലും ഫയർ ബ്രേക്കുകളും ഫയർലൈനുകളും നിർമ്മിച്ച് കാട്ടുതീ പടരുന്നതിനുള്ള സാധ്യതകൾ ഇല്ലാതാക്കി വരുന്നുണ്ട്. 2024-25 വർഷത്തിൽ 1408 കിലോമീറ്റർ നീളത്തിൽ ഫയർ ബ്രേക്കുകൾ നിർമ്മിച്ചിട്ടുള്ളതാണ്.

മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി **2024-25** വർഷത്തിൽ **76** ചെക്ക്ഡാമുകളും **133** മറ്റു ജലസ്രോതസ്സുകളും നവീകരിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്ത് വനം വകുപ്പിന് കീഴിൽ **80** ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി കേന്ദ്രങ്ങളിൽ സന്ദർശകർക്കായി ട്രക്കിംഗ്, ബോട്ടിംഗ്, സൈറ്റ് സീയിംഗ്, ക്യാമ്പിംഗ് തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ കഴിവതും അപകടരഹിതമായി പ്രവർത്തനം നടത്തുന്നതിനുള്ള മുൻകരുതലുകൾ എടുത്തുവരുന്നുണ്ടെങ്കിലും ഏതെങ്കിലും തരത്തിൽ അപകടങ്ങൾ ഉണ്ടാകുന്നപക്ഷം ഇന്ത്യൻ പൗരന്മാരായ സന്ദർശകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷുറൻസ് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മരണം / സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിച്ചാൽ **5** ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യം സംഭവിച്ചാൽ **2.50** ലക്ഷം രൂപയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**<u>അനുബന്ധം-2</u>**

മാനേജ്മെന്റ് എഫക്ടീവ്നെസ്സ് ഇവാല്യുവേഷൻ (MEE) 2022 ഫിഫ്റ്റ് സൈക്കിൾ റാങ്കിംഗിൽ ഇന്ത്യയിലെ കടുവാ സങ്കേതങ്ങളുടെ വിഭാഗത്തിൽ പെരിയാർ കടുവാ സങ്കേതം 94.38 സ്കോർ നേടി ഒന്നാമതെത്തി.

2020-25 കാലയളവിലെ ദേശീയോദ്യാനങ്ങളുടെ MEE റാങ്കിംഗിൽ ഇരവികുളം ദേശീയോദ്യാനം 92.97 സ്കോർ നേടി ഒന്നാമതെത്തി. ഇന്ത്യയിലെ 438 വന്യജീവി സങ്കേതങ്ങളിൽ നിന്നുമാണ് ഈ നേട്ടം ഇരവികുളത്തിന് ലഭിച്ചത്.

പെരിയാർ കടുവാ സങ്കേതത്തിന് 2022 -ൽ കടുവ സങ്കേതങ്ങൾക്ക് നൽകിവരുന്ന CA/TS അക്രഡിറ്റേഷൻ ലഭിച്ചു.

2021-22 വർഷത്തിൽ കടുവ സങ്കേതങ്ങൾക്ക് നൽകിവരുന്ന CA/TS അക്രഡിറ്റേഷൻ പറമ്പിക്കുളം കടുവാ സങ്കേതത്തിന് ലഭിച്ചു.

2021-ലെ നാറ്റ്വെസ്റ്റ് എർത്ത് ഹീറോസ് അവാർഡ്, എർത്ത് ഗാർഡിയൻ അവാർഡ് എന്നിവ പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൌണ്ടേഷന് ലഭിച്ചു.

പൂപ്പാറ ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റിക്ക് 2023 ലെ സ്പൈസ് അവാർഡ് ലഭിച്ചു.

2025-ൽ സംസ്ഥാന വന്യജീവി ബോർഡ് ആറളം വന്യജീവി സങ്കേതത്തെ ശലഭ സങ്കേതമായി അംഗീകരിച്ചു.

2022- ൽ പുത്തൂരിലെ തൃശൂർ സുവോളജിക്കൽ പാർക്കിന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭിച്ചു. കൂടാതെ തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂരിലേക്ക് മാറ്റുന്നതിന് 2023 സെപ്റ്റംബറിൽ ദേശീയ മൃഗശാല അതോറിറ്റി അനുമതിയും നൽകി.

വയനാട് വന്യജീവി ഡിവിഷന് ഹരിതകേരള മിഷന്റെ 'എ' ഗ്രേഡ് അംഗീകാരം ലഭിച്ചിട്ടുണ്ട്.

2022 നവംബർ 14 മുതൽ 27 വരെ നടന്ന അന്താരാഷ്ട്ര വ്യാപാരമേളയിൽ വനശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിനും പെരിയാർ ടൈഗർ റിസർവ്വിൽ നിന്നുള്ള വഞ്ചിവയൽ ഓർഗാനിക് പെപ്പർ ആഗോള വിപണിയിൽ എത്തിച്ചതിനും വനം വകപ്പിന്റെ പവിലിയന് സ്വർണ്ണമെഡൽ ലഭിച്ചു.